# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4398 22.07.2015 - ൽ മറുപടിയ്ക്ക്

## നദീസംയോജന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) നദീസംയോജന പദ്ധതികളുടെ ഭാഗമായി കേരളത്തിലെ ഏതൊക്കെ നദികളാണ് ഇതര സംസ്ഥാനങ്ങളിലെ നദികളുമായി കൂട്ടിയിണക്കുന്നതിനായി തമിഴ്നാട്, കർണ്ണാടക സംസ്ഥാന സർക്കാരുകൾ ശ്രമിച്ചു വരുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) നദീസംയോജന പദ്ധതിയുടെ ഭാഗമായി; കേരളത്തിലെ പമ്പ, അച്ചൻകോവിൽ എന്നീ നദികളെ തമിഴ്നാട്ടിലെ വൈപ്പാറുമായി സംയോജിപ്പിക്കുവാനുളള പദ്ധതിയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് (feasibility report) ദേശീയജലവികസന ഏജൻസി തയ്യാറാക്കിയിരുന്നു. അപ്രകാരം വിഭാവനം ചെയ്യപ്പെട്ട പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി നടപ്പിലാക്കണമെന്ന വാദം തമിഴ്നാട് ഉന്നയിച്ചുവരുന്നുണ്ട്. മേൽ സൂചിപ്പിച്ച പഠന റിപ്പോർട്ടിൻ പ്രകാരം; പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ അധികജലമുണ്ടെന്നും അധികജലത്തിന്റെ ഇരുപത് ശതമാനമായ (20%) 634 എം.സി.എം. അളവിലുളള ജലം തമിഴ്നാട്ടിലെ ജലദൗർലഭ്യം അനുഭവപ്പെടുന്ന വൈപ്പാർ നദീതടത്തിലേക്ക് തിരിച്ചു വിടാൻ കഴിയുമെന്നുമാണ് ദേശീയജലവികസന ഏജൻസി കണക്കാക്കിയിട്ടുളളത്. എന്നാൽ ഡൽഹിയിലെ ഐ.ഐ.ടി, കോഴിക്കോടുളള സി.ഡബ്ല്യൂ.ആർ.ഡി.എം. എന്നീ വിദഗ്ദ്ധ ഏജൻസികൾ വിശദമായ പഠനം നടത്തി തയ്യാറാക്കിയ പഠന റിപ്പോർട്ടുകൾ പ്രകാരം പമ്പ, |

അച്ചൻകോവിൽ എന്നീ നദികളിൽ അധികജലം ഇല്ല എന്നും, പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി കേരളത്തിന് ദോഷകരമാണെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി നടപ്പാക്കുന്ന കാര്യത്തിലുള്ള കേരളത്തിന്റെ എതിർപ്പ് സാദ്ധ്യമായ വേദികളിലെല്ലാം കാര്യകാരണസഹിതം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

(ബി) നദീസംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

(ബി) നദീസംയോജന പദ്ധതികൾ നടപ്പാക്കുന്നത് കേരളത്തിന് ഒട്ടും ഗുണകരമല്ലെന്നുള്ള നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതിയെ പൂർണ്ണമായും എതിർക്കുന്ന കേരള സർക്കാരിന്റെ നിലപാട് ദേശീയജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ പങ്കെടുത്ത കേരളത്തിന്റെ പ്രതിനിധികൾ കാര്യകാരണസഹിതം വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഉപേക്ഷിക്കണമെന്നുള്ള പ്രമേയം കേരള നിയമസഭയും പാസ്സാക്കിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള കേരളത്തിന്റെ വിയോജിപ്പ് സാദ്ധ്യമായ വേദികളിലെല്ലാം പ്രകടിപ്പിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതിയെ ദേശീയജലവികസന ഏജൻസി മുൻഗണനാ ലിസ്റ്റിൽ ഉൾ പ്പെടുത്തിയിട്ടില്ല. ദേശീയജലവികസന ഏജൻസിയുടെ 17.10.2014-ലെ യോഗത്തിലും, 21.11.2014-ൽ കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത യോഗത്തിലും പങ്കെടുക്കവേ പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി നടപ്പാക്കുന്ന കാര്യത്തിലുള്ള കേരളത്തിന്റെ വിയോജിപ്പ് സംസ്ഥാന ജലവിഭവ

വകുപ്പ് മന്ത്രിയും വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമ്മതമില്ലാതെ പ്രസ്തുത പദ്ധതിയെ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ലായെന്നാണ് ദേശീയജലവികസന ഏജൻസി വിവിധ യോഗങ്ങളിൽ അഭിപ്രായപ്പെട്ടിട്ടുള്ളത്.

സെക്ഷൻ ഓഫീസർ